## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5815 05.07.2013 - ൽ മറുപടിക്ക്**

## വൈപ്പിൻ മണ്ഡലത്തിലെ എട്ടു പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| ജിഡ ഫണ്ട് ഉപയോഗിച്ചു നടന്നു വരുന്ന, വൈപ്പിൻ മണ്ഡലത്തിലെ എട്ടു പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ; ഏതെങ്കിലും പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് തടസ്സങ്ങളുണ്ടോയെന്നും എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ ? | ജിഡ ഫണ്ട് ഉപയോഗിച്ചു നടന്നു വരുന്ന വൈപ്പിൻ മണ്ഡലത്തിലെ എട്ടു പാലങ്ങളിൽ മൂന്നു പാലങ്ങൾ (കുഴുപ്പിള്ളി പാലം, വെളിയെത്താംപറമ്പ് പാലം, അണിയൽ പാലം) ഗതാഗതത്തിനു തുറന്നുകൊടുത്തിട്ടുണ്ട്. കരുത്തല പാലം ഒരു മാസത്തിനകവും, വാടയിൽതോടു പാലം, നായരമ്പലം പാലം എന്നിവ മൂന്ന് മാസത്തിനകവും പണി പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി രണ്ട് പാലങ്ങൾ സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്ന മുറയ്ക്ക് പണികൾ പൂർത്തിയാക്കാനാകും. മറ്റു തടസങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ